# “കേരളം വിഷ്യസ്-സർക്കുലർ ഇക്കോണമി”

**പാർട്ട്-1**

**ഡോ. ജോസഫ് ഏബ്രഹാം**

**ആമുഖം**

കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തിനിടയിൽ (2000-2025), വികസിത സമ്പദ് വ്യവസ്ഥകളെ വെല്ലുന്ന നിലവാരത്തിൽ; സാക്ഷരത, ആരോഗ്യം, ലിംഗസമത്വം; എന്നിവയിൽ അസൂയാവഹമായ സാമൂഹിക നേട്ടങ്ങൾ നേടിയ; കേരളം വേറിട്ടുനിൽക്കുന്നു. എന്നിരുന്നാലും ഈ വിജയങ്ങൾക്കു കീഴിൽ ഗുരുതരമായ സാമ്പത്തിക വൈരുദ്ധ്യങ്ങളുമുണ്ട്. സംസ്ഥാനത്തിന്റെ വളർച്ചാ എഞ്ചിൻ, സാമ്പത്തിക സമ്മർദ്ദവും സ്തംഭനവും നിലനിർത്തുന്ന സ്വയം ശക്തിപ്പെടുത്തുന്ന ദൂഷിത ചാക്രിക വലയങ്ങളിൽ കുടുങ്ങിയിരിക്കുന്നു.

മിക്ക തൊഴിലുകളും കുറഞ്ഞ ഉൽപ്പാദനക്ഷമതയുള്ള, വരുമാനം താഴ്ന്ന അനൗപചാരിക മേഖലകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അമിത വേതന, പെൻഷൻ ഇതര ബില്ലുകൾ എന്നിവ കാരണം സംസ്ഥാനത്ത് ധനക്കമ്മി തുടരെ വർദ്ധിക്കുന്നു. നികുതിഭാരം അസന്തുലിതവും ഭാരിച്ചതുമാണ്. ഭരണ നടത്തിപ്പ് തിരഞ്ഞെടുപ്പ്-തുടർ-നിലനിൽപ് രാഷ്ട്രീയത്തിൽ കുടുങ്ങിക്കിടക്കുന്നു. ഈ പ്രവണതകൾ ഒരുമിച്ച് ചേർന്ന് താഴ്ന്ന തലത്തിലുള്ള അസന്തുലിത സാമ്പത്തിക അവസ്ഥ-മാതൃക വിഷ്യസ് സർക്കിൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. സാമൂഹിക നേട്ടങ്ങൾ തുടരുന്നു, പക്ഷേ സുസ്ഥിര സാമ്പത്തിക ചലനാത്മകതയില്ലാതെ. പിന്നിട്ട കാൽ നൂറ്റാണ്ടിലേക്ക് ഒരു തിരിഞ്ഞു നോട്ടം നടത്തിയാൽ, കേരളം ഒരു വിഷ്യസ് സർക്കുലർ സാമ്പത്തിക പഥത്തിലാണ് ചലിക്കുന്നത് എന്ന് സമർത്ഥിക്കാം. ഇത് മറികടക്കാൻ മാർഗ്ഗങ്ങൾ കണ്ടത്തേണ്ടതുണ്ട്. വിശകലന വിശദാംശങ്ങൾ ചുവടെ നൽകട്ടെ.

**മൂന്ന് വർക്ക് ഫോഴ്സുകൾ**

സംസ്ഥാനത്തിലെ ചലനാത്മകമായ തൊഴിൽശക്തിയെ മൂന്നായി തരം തിരിച്ചാണ് ഇവിടെ സാമ്പത്തിക വിശകലനം നടത്തുക; പൊതു സർക്കാർ, സംഘടിത സ്വകാര്യ, അസംഘടിത സ്വകാര്യ മേഖലകൾ എന്നിങ്ങനെ. ഇവയുടെ നിർവ്വചനങ്ങളും അനുബന്ധ സ്ഥിതിവിവര കണക്കുകളും പൊതുവിൽ സ്വീകാര്യത ആർജ്ജിച്ചിട്ടുണ്ട്.

**മാക്രോ-ഇക്കണോമിക് അസന്തുലിതാവസ്ഥ 2000-2025**

2025-ൽ പൊതു സർക്കാർ തൊഴിൽ മേഖല മൊത്തം തൊഴിലാളികളുടെ ആറ് ശതമാനത്തിൽ (ഏകദേശം 7.5 ലക്ഷം) എത്തി നമ്മെ സ്തബ്ധരാക്കുകയാണ്. എന്നാൽ അനൗപചാരിക കോൺട്രാക്റ്റിൽ 1.15 ലക്ഷം നിയമനങ്ങൾ നിലവിലെ ഇടതു സർക്കാർ (2016-25) പൊതുമേഖലയിൽ ക്രമാതീതമായി സൃഷ്ടിച്ച്, രാഷ്ട്രീയവത്കരിച്ച്, പിൻവാതിൽ പണിയാളുകളായി ഇവരെ മാറ്റിയിരിക്കുന്നു എന്ന ആരോപണം നിലനിൽക്കുന്നു.

ശമ്പളത്തിലൂടെയും പെൻഷനിലൂടെയും മറ്റ് ആനുകൂല്യങ്ങളിലൂടെയും നേർപകുതിയോളം 40-45% സർക്കാർ സാമ്പത്തിക റവന്യു സ്രോതസ്സുകൾ, ഇവർ തുടർച്ചെ ഉപയോഗിക്കുന്നു. 2000-2025-ൽ സംഘടിത സ്വകാര്യ മേഖല അതിന്റെ തൊഴിൽ വിഹിതം 5-ൽ നിന്നും 7 ശതമാനത്തിലെത്തിച്ചു. പക്ഷെ ജി.എസ്.ഡി.പി.യുടെ പകുതിയും (50%) നികുതിയുടെ 60 ശതമാനവും ഇവർ സൃഷ്ടിക്കുന്നു. എന്നാൽ ഏറ്റവും കുറഞ്ഞ ബജറ്റ് ചിലവ്-വിഹിതം പിന്തുണയെ (14%) പിന്തുണയെ ഇവർക്ക് തിരികെ ലഭിക്കുന്നുള്ളൂ. അതേസമയം, ഈ കാലയളവിൽ, അസംഘടിത സ്വകാര്യ മേഖല ഏകദേശം 87 ശതമാനം തൊഴിലാളികളെ ആഗിരണം ചെയ്യുന്നു. മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിൽ ഇവരുടെ വിഹിതം ഏകദേശം പകുതിയിൽ (50%) നിന്ന് മൂന്നിലൊന്നായി (36%) ആയി ഈ കാലയളവിൽ കുറഞ്ഞു. ഈ വിഭാഗത്തിന്റെ നികുതി സംഭാവന 38 ശതമാനത്തിൽ നിന്ന് 29 ആയിയും കുറഞ്ഞിരിക്കുന്നു.

ഇത് മൂന്ന് തരത്തിൽ സാമ്പത്തിക അസന്തുലിതാവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. ഏറ്റവും കൂടുതൽ സാമ്പത്തിക സംഭാവന ചെയ്യുന്നവർക്ക് (സംഘടിത സ്വകാര്യ മേഖല) ഏറ്റവും കുറവ് ബജറ്റ് വിഹിതം (14%) ലഭിക്കുന്നു. എറ്റവും കുറവ് സംഭാവന ചെയ്യുന്നവർ-പൊതുജന ജീവനക്കാർ-ഏറ്റവും കൂടുതൽ, തികച്ചും പരിമിതമായ വിഭവങ്ങളോടെ, വിഹിതം ഉറപ്പാക്കിയിരിക്കുന്നു. സംഖ്യാപരമായി ഏറ്റവും പ്രബലമായ അസംഘടിത തൊഴിൽ മേഖല വലിയ വിഹിതം സബ്സിഡികളെ ആശ്രയിക്കുമ്പോഴും കുറഞ്ഞ വരുമാന ഉൽപ്പാദന ക്ഷമതകളിൽ കുടുങ്ങിക്കിടക്കുന്നു. ഫലമോ വികസന മുരടിപ്പിനെ താങ്ങി നിലനിർത്തുന്നു.

മേൽ മൂന്ന് വിഭാഗങ്ങൾ ഒന്നിച്ച്, കേരളത്തെ ഒരു ദുഷ്ട മാക്രോ-ഇക്കണോമിക് കെണി-മോഡിലേക്ക് തളച്ചിരിക്കുന്നു. ഇവർ വരുമാന ഉൽപ്പാദനത്തിലും വിതരണത്തിലും, അസമത്വവും സാമ്പത്തിക സമ്മർദ്ദവും മാന്യതകളും ഊട്ടി ഉറപ്പിക്കുന്ന സർക്കുലർ പാറ്റേണുകളിൽ കുടുങ്ങിയിരിക്കുന്നു. ഇവരിൽ രണ്ടു കൂട്ടർ സാമൂഹിക സാമ്പത്തിക നേട്ടങ്ങൾ വിലപേശി നിലനിർത്തുന്നു. പക്ഷേ സ്വയം സുസ്ഥിരമായ വളർച്ചാ ചലനാത്മകതകൾ കെട്ടിപ്പടുക്കുവാൻ ഇവർ ഉത്സുകരല്ല, ആയതിന് വേണ്ടത്ര നിർബന്ധിക്കപ്പെടുന്നുമില്ലതന്നെ. ഇവർ സംഘടിച്ച്, പ്രതിഷേധിച്ച് ഉപരോധിക്കുന്നു. വർദ്ധിത വിഭവ പങ്ക് നേടുന്നത് വിജയകരമായി ഇരുകൂട്ടർ തുടരുന്നു. ഈ രണ്ടു പ്രബല തൊഴിൽ ശക്തികൾ രാഷ്ട്രീയമായി സംഘടിക്കപ്പെട്ട് മൂന്നാമനെ, സ്വകാര്യ തൊഴിലു മേഖലയെ ഞെരുക്കി പ്രതിസന്ധിയിലാക്കിയിരിക്കുന്നു.

**തൊഴിൽ കെണി: ഉൽപ്പാദന അസമത്വം**

2000-ൽ കേരളത്തിലെ ഏകദേശം 90% തൊഴിലാളികളും അസംഘടിത മേഖലയിലായിരുന്നു. അവർ ജി.എസ്.ഡി.പി.യുടെ 47% സൃഷ്ടിച്ചിരുന്നു. പക്ഷേ നികുതിയിനത്തിൽ 40% ലഭ്യമാക്കിയിരുന്നു. പൊതു മേഖല 5% ഉം സംഘടിത സ്വകാര്യ മേഖല വെറും 5% ഉം മാത്രമേ ജോലികൾ ലഭ്യമാക്കിയിരുന്നുള്ളൂ.

പക്ഷെ 2025-ൽ ഈ അസംഘടിതർ 87% ജോലികളിലാണ് നിർവ്വഹിക്കുന്നത്. എന്നാൽ ഉൽപ്പാദനത്തിന്റെ 36% ഉം നികുതിയുടെ 30% ഉം മാത്രമാണ് ഇവർ ലഭ്യമാക്കുന്നത്. നേരേ മറിച്ച് 7% ൽ താഴെ ജോലികൾ സൃഷ്ടിക്കുന്ന സംഘടിത സ്വകാര്യ മേഖല ജി.എസ്.ഡി.പി.യുടെ 50% ഉം, നികുതിയുടെ 60% ഉം ലഭ്യമാക്കുന്നു. പൊതുമേഖലയുടെ തൊഴിൽ വിഹിതം 6% ആയി തുടരുന്നു പക്ഷേ ശമ്പളം-പെൻഷനുകൾ എന്നിവയിലൂടെ 38-46% ധനപങ്ക് അവർ തുടർച്ചയായി നേടിയെടുക്കുന്നു.

ഈ അസന്തുലിതാവസ്ഥ ഒരു 'തൊഴിൽ ശക്തി കെണി' സൃഷ്ടിച്ചിരിക്കുന്നു. തൊഴിലുകൾ കുടുതലുള്ളതും എന്നാൽ കുറഞ്ഞ ഉൽപ്പാദനമുള്ള മേഖല വലിയതോതിൽ സംരക്ഷണം ആവശ്യപ്പെടുകയും ഉറപ്പാക്കുകയും ചെയ്യുന്നു. അതേസമയം ഉയർന്ന വരുമാന, ഉൽപ്പാദനപങ്കുള്ള സംഘടിത സ്വകാര്യ മേഖലയ്ക്ക് 'നയ-ധന' പ്രോത്സാഹന പിന്തുണ തുലോം കുറവാണെന്നു കാണാം. പൊതു-സർക്കാർ മേഖലയുടെ തൊഴിൽ വിഹിതം തുലോം. ചെറുതാണെങ്കിലും ഏറ്റവും വലിയ റവന്യു ധനവിഹിതം (46%) നേടിയെടുക്കുന്നു. ഇത് വളർച്ചയെ പ്രോത്സാഹിപ്പിക്കേണ്ട ആസ്തി നിക്ഷേപത്തെ തുടർച്ചെ സാമ്പത്തികമായി അവഗണിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്.

**"ധനകാര്യ സ്പൈറൽ": വർദ്ധിച്ചുവരുന്ന കമ്മികൾ ചുരുങ്ങുന്ന ധനകാര്യ ഇടം**

2000-ൽ സംസ്ഥാനത്തിന്റെ കടം-ജി.എസ്.ഡി.പി അനുപാതം ഏകദേശം 25% ഉം പലിശ തിരിച്ച് അടയ്ക്കൽ വരുമാനത്തിന്റെ ഏകദേശം 12% ഉം ആയിരുന്നു. പക്ഷെ 2025-ൽ കടം പരിധികൾ വിട്ട് 37% കവിഞ്ഞു. പലിശയിനത്തിൽ വരുമാനത്തിന്റെ 20% ത്തിലധികം ഉപയോഗിക്കുന്നു. വെറും 6% ഉള്ള സർക്കാർ തൊഴിലാളികളുടെ വേതനവും പെൻഷനും റവന്യു ചെലവിന്റെ പകുതിയിലധികം ആഗിരണം ചെയ്യുന്നു. വലിയതോതിൽ വായ്പകൾ ഉത്പാദനപരമല്ലാതെ പ്രയോഗിച്ച് വർദ്ധിത പലിശകളും ചേർന്ന് പണപ്പെരുപ്പം വർദ്ധിപ്പിക്കുന്നു.

**ചക്രമണ സാമ്പത്തിക പ്രതിസന്ധികൾ:** നിലവിലെ ഉയർന്ന പ്രതിബദ്ധതയുള്ള സർക്കാർ ചെലവുകൾ തുടരെ നയിക്കപ്പെടുന്നത് → താഴ്ന്ന മൂലധന നിക്ഷേപം → ദുർബലമായ വരുമാന ഉയർച്ച→ കൂടുതൽ കടം വാങ്ങൽ → ഉയർന്ന പലിശ ബാധ്യതകൾ ചാക്രിക സംക്രമണം തുടരുകയാണ്. വർദ്ധിത ക്ഷേമ പ്രതിബദ്ധതകൾ രാഷ്ട്രീയമായി തൊട്ടുകൂടാത്തതായി ഉയർന്ന തോതിൽ തുടരുന്നു. ഇത് ധനകാര്യ സമ്പത്ത് വ്യവസ്ഥയെ വിട്ടുമാറാത്ത കമ്മി-ആശ്രിതത്വത്തിൽ കുടുക്കിയിരിക്കുന്നു. ഫലമൊ നിലവിൽ കൂടിയ വിലക്കയറ്റവും കടുത്ത തൊഴിലില്ലായ്മയും കൂടെ സാമ്പത്തിക, നിശ്ചലാവസ്ഥ, മുരടിപ്പ് എന്നിവയുടെ വിഷ്യസ് സർക്കിൾ തുടരുന്നു.

**നികുതി വിഹിത പക്ഷപാതങ്ങൾ: ആരാണ് പണം നൽകുന്നത്, ആർക്കാണ് പ്രയോജനം ലഭിക്കുന്നത്**

2000-ൽ നികുതി വിഹിതം ഏകദേശം, അസംഘടിതർ 40%, സംഘടിത സ്വകാര്യർ 45%, പൊതു സർക്കാരുകാർ 15% എന്നിങ്ങനെയായിരുന്നു. എന്നാൽ 2025-ൽ സംഘടിത സ്വകാര്യ മേഖല 65% നികുതി പങ്ക് വഹിക്കുന്നു. അസംഘടിത സ്വകാര്യ മേഖലയുടെ വിഹിതം ഇപ്പോൾ 25% ആയി കുറഞ്ഞു. പൊതു സർക്കാർ 15% ൽ നിന്നും വെറും 10% മാത്രം ലഭ്യമാക്കുന്നവരായി ഒതുങ്ങി-പതുങ്ങിക്കൂടിയിരിക്കുന്നു. ഇപ്രകാരം നികുതി വിഹിത പങ്ക് നിർവ്വഹണ-പക്ഷപാതം നിർബ്ബാധം തുടരുന്നു. സംഘടിത സ്വകാര്യ സംരംഭകർക്ക് നയപരമായ സർക്കാർ ധനപിന്തുണ തുലോം കുറവാണ്. ഖിന്നരായ വ്യവസായികൾ കേരളം വിടുന്നു. അതേസമയം പൊതു ജീവനക്കാരും, ക്ഷേമ പദ്ധതികൾക്ക് അർഹരായവരും ഏറ്റവും വലിയ ധനവിഹിതം ആഗിരണം ചെയ്യുന്നു. ഇത് സ്വകാര്യമേഖലയ്ക്ക് സർക്കാരിലുള്ള അവിശ്വാസം വർദ്ധിപ്പിക്കുന്നു. കൂടിയ ഉൽപ്പാദനം നടത്തുന്നവർ അമിത നികുതി ഭാരം പേറുന്നു. അസംഘടിതർ ആലസ്യത്തിലാണെന്ന് കാണാം. അനുകൂലമായ വലിയ വിഹിതം ഉണ്ടായിരുന്നിട്ടും പൊതുമേഖല തകർന്നടിയുന്നത് ശുഭകരമല്ല, മിക്കവയും നഷ്ടത്തിലോടുന്നു. ഇത് മൂലം കാപ്പക്സ് ഇനത്തിൽ ധനവിഹിത ലഭ്യതകൾ കുറഞ്ഞ തോതിൽ തുടരുന്നു. സർക്കാർ മേഖല-വ്യവസായവത്കരണ മോഡൽ അടിമുടി പുനരേകീകരിക്കണം.

**ഉൽപ്പാദന കെണി: അനൗപചാരിക തൊഴിൽമേഖലയുടെ സ്തംഭനാവസ്ഥ**

കേരളത്തിന്റെ ഉൽപ്പാദനക്ഷമതാ-വരുമാന പങ്ക് കെണികൾ അതിന്റെ സാമ്പത്തിക പ്രഹേളികയുടെ മറയ്ക്കപ്പെട്ട ഭാഗമാണ്. ഉയർന്ന സാമൂഹിക മൂലധനം ഉണ്ടായിരുന്നിട്ടും, അസംഘടിത മേഖലയുടെ (ഉദാ:-നിർമ്മാണം, വ്യാപാരം, ഗതാഗതം, കൃഷി) ഉൽപ്പാദന പങ്ക് സംഘടിത വിഭാഗത്തിന്റെ മൂന്നിലൊന്നായി ചുരുങ്ങിയിരിക്കുന്നു. അനൗപചാരിക തൊഴിൽ മേഖലയിൽ 1.5 കോടിയിലധികം തൊഴിലാളികൾ കുറഞ്ഞ കഴിവുകൾ, കുറഞ്ഞ സാങ്കേതിക വിദ്യ, കുറഞ്ഞ ഉൽപ്പാദനം/വരുമാനം എന്നിവയുടെ ഒരു ചാക്രികവലയത്തിൽ കുടുങ്ങിക്കിടക്കുന്നു. ഇത് സാമ്പത്തിക വളർച്ചയെ മന്ദഗതിയിലാക്കുകയും നികുതി, വരുമാന, ഉൽപ്പാദന ഉയർച്ചയെ തുടരെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

**വിഷ്യസ് ഇക്കണോമി**

മേൽ വിശദീകരിച്ച അഞ്ച് തലങ്ങളുടെ പരസ്പാര്യങ്ങൾ, ശക്തിപ്പെടുത്തലുകൾ, വിശദീകരിക്കുന്ന ഫ്ളോചാർട്ട് നമുക്ക് തയ്യാറാക്കാം:-

മൊത്ത തൊഴിൽ/ശക്തി→സംഘടിത പങ്കാളിത്ത മോഡൽ → 'ഫിസ്കൽ' ഞെരുക്ക മോഡൽ →ടാക്സേഷൻ അമിതഭാരം മോഡൽ

→ഗവേണൻസ് രാഷ്ട്രീയ ലക്ഷ്യ മോഡൽ→ പ്രൊഡക്ടിവിറ്റി വരുമാന കെണി മോഡൽ →വർക്ക്ഫോഴ്സ് മോഡിലേക്ക് തിരികെ മടങ്ങുന്നു.

ഈ വിഷ്യസ് ചട്ടക്കൂട്ടിൽ രാഷ്ട്രീയ ഭരണം, ഉൽപ്പാദന വരുമാന വിഹിതങ്ങൾ എന്നിവയിലെ അസന്തുലിതാവസ്ഥകൾ പരസ്പരം എങ്ങനെ നെറ്റ് വർക്ക് ചെയ്യുന്നുവെന്നും സിസ്റ്റം ഉയർന്ന സന്തുലിതാവസ്ഥയിലേക്ക് നീങ്ങുന്നത് തടയുന്നുവെന്നും ഈ വൃത്താകൃതിയിൽ അടയ്ക്കപ്പെട്ട ശൃംഖ ല ചൂണ്ടി വിശദീകരിക്കുന്നു. വിഷ്യസ് സർക്കുലർ ഇക്കോണമി അഭംഗുരം തുടരുന്നു.

**‘ഫിസ്കൽ’ ഞെരുക്ക മോഡൽ**

സംസ്ഥാനത്തിന്റെ ധനകാര്യ **സർക്കുലറിയുടെ ചക്രമണം** വിശദീകരിക്കാം. അമിത-കട ഫിസ്കൽ മോഡൽ→ഉയർന്ന ക്ഷേമ മാതൃക→ കുറഞ്ഞ നിക്ഷേപം→ദുർബലമായ വരുമാന വളർച്ച →അമിത കമ്മി → വീണ്ടും തിരികെ ഉയർന്ന ക്ഷേമത്തിലേക്ക് മടങ്ങാൻ കടം വാങ്ങൽ. ഫലമൊ കടക്കെണി, വിലക്കയറ്റം, തൊഴിലില്ലായ്മകൾ എന്നിവകളുടെ പെരുക്കം, തുടരെ സാമ്പത്തിക, സാമൂഹിക, ലഹരി മാഫിയ കെടുതികൾ ആവർത്തിക്കുന്നു.

കേരളം കടബാധ്യതയിൽ കുടുങ്ങിക്കിടക്കുന്നതിന്റെയും, ഉൽപ്പാദന മൂലധന നിക്ഷേപത്തിന് തുടരെ വളരെ കുറവു വകയിരുത്തുന്നതിന്റെയും ഫലമായി വ്യവസായ വളർച്ച മന്ദഗതിയിലായിരിക്കുന്നു. പൊതുമേഖലയിലെ മിക്ക വ്യവസായങ്ങളും/സേവനങ്ങളും വലിയ തോതിൽ നഷ്ടത്തിലോടുന്നത് തുടരുകയാണ്. കെ.എസ്.ഇ.ബി., കെ.ബ്ല്യു.എ, കെ.എസ്.ആർ.റ്റി.സി. എന്നിവ തുടരെ നഷ്ടത്തിലോടുകയും സർക്കാർ വായ്പാ ധനസഹായത്താൽ നിലനില്ക്കുകയും ചെയ്യുന്നത് ഭരണ പരാജയം തന്നെ. വിഷ്യസ് സർക്കുലർ ഇക്കോണിമിക്കുള്ളിലെ പുഴുക്കുത്തുകളായാണ് ഇവ നിലവിൽ പരിലസിക്കുന്നത്, ഇത് തുടരരുത്.

(തുടരും)

*********